കാർഷിക മേഖലയിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ധനസഹായം

69 [3347] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക മേഖലയിൽ കേരളത്തിൽ അടുത്തകാലത്തുണ്ടായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിൽനിന്ന് ധനസഹായമായി എന്ത് തുക ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവകുപ്പിൽനിന്നും എത്ര രൂപ കേന്ദ്രസഹായമായി ലഭിക്കുന്നതിനഭ്യർത്ഥിച്ചിരുന്നു;

(സി) ഇങ്ങനെ ആവശ്യപ്പെട്ടതിൽ എത്ര രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം ഈ ആവശ്യത്തിനായി കേന്ദ്രത്തിന് കത്തെഴുതിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രോഗംമൂലം നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും കുറഞ്ഞ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് തെങ്ങിന്റെ കാറ്റുവീഴ്ച രോഗം നിയന്ത്രിക്കുന്നതിനായി നാളികേര ടെക്നോളജി മിഷൻ 9.424 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 90% കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന മാക്രോ മാനേജ്മെന്റ് പദ്ധതിക്കായി കേന്ദ്രവിഹിതം നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. അതിൻപ്രകാരം 2001-02 വർഷത്തിൽ 40 കോടി രൂപയും 2002-03 വർഷത്തിൽ 30 കോടി രൂപയും 2003-04 വർഷത്തിൽ 29 കോടി രൂപയും കേന്ദ്രവിഹിതമായി നിശ്ചയിക്കുകയും അതിനു വേണ്ടിയുള്ള വിവിധ കാർഷിക പദ്ധതികൾ സമർപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ സുസ്ഥിര നെൽകൃഷി വികസന പദ്ധതിക്കായി 18547.14 ലക്ഷം രൂപ, തെങ്ങിന്റെ കാറ്റ് വീഴ്ച രോഗബാധയുള്ള പ്രദേശങ്ങളിൽ തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 57614 ലക്ഷം രൂപയുടെ പ്രോജക്ട്, കാറ്റുവീഴ്ച രോഗം വ്യാപിക്കുന്നത് തടയുന്നതിനായി 4413.132 ലക്ഷം രൂപയുടെ പ്രോജക്ട്, എള്ള്, നിലക്കടല മുതലായ വയുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി 24.22 ലക്ഷം രൂപയുള്ള പ്രോജക്റ്റ്, പഴം, പച്ചക്കറി തോട്ടം സ്ഥാപിക്കുന്നതിനായുള്ള 20 ലക്ഷം രൂപയുടെ പ്രോജക്ട്, കാർഷിക കയറ്റുമതി സോൺ സ്ഥാപിക്കുന്നതിനുവേണ്ടി 29.37 കോടി രൂപയുടെ പ്രോജക്ട് എന്നിവ കേന്ദ്ര ധനസഹായത്തിനായി സമർപ്പിച്ചിരുന്നു.

(സി) മാക്രോ മാനേജ്മെന്റ് പദ്ധതികൾക്കായി 2001-02-ൽ 40 കോടി, 2002-03-ൽ 30 കോടി, 2003-04 വർഷത്തേക്ക് 29 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ കാറ്റ് വീഴ്ചരോഗം തടയുന്നതിനായി 9.424 കോടി രൂപയും അഗ്രി. എക്സ്പോർട്ട് സോണിനായി 9.98 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാറ്റു വീഴ്ച വ്യാപിക്കുന്നത് തടയുന്നതിനും വേണ്ടി സമർപ്പിച്ചിരുന്ന പദ്ധതികൾ പുതുക്കിനൽകാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly.

(ഡി) "ബി" വിഭാഗത്തിനുള്ള മറുപടിയിൽ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് പരിസ്ഥിതി കേന്ദ്രവുമായി എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്.

കരിങ്ങാലി മരത്തിന്റെ വില

70 [3348] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷിവകുപ്പ് കരിങ്ങാലി മരത്തിന്റെ തൈകൾ വിതരണം ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് തൈകൾ ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കരിങ്ങാലി തൈ എത്ര വർഷത്തെ മുപ്പെത്തിയാലാണ് മുറിച്ചുവിൽക്കാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ;

(ഡി) ഇന്നത്തെ നിരക്കിൽ ഇതിന് എന്തുവില ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) കൃഷിവകുപ്പ് കരിങ്ങാലി മരത്തിന്റെ തൈകൾ വിതരണം ചെയ്യുന്നില്ല.

(സി) കരിങ്ങാലി തൈ പത്തു മുതൽ പതിനഞ്ചു വർഷം വരെ മുപ്പെത്തുന്നോഴാണ് വില്പനയ്ക്ക് യോഗ്യമാകുന്നത്.

(ഡി) ഇപ്പോൾ ഇതിന് കിലോഗ്രാമിന് 30 രൂപ മുതൽ 40 രൂപ വരെ വിലയുണ്ട്.

നെൽകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി

71 [3349] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-03 കാലയളവിൽ നെൽകൃഷി എത്ര ഹെക്ടറിൽ നടന്നു എന്ന് അറിയിക്കാമോ;

(ബി) ഈ കാലയളവിൽ പ്രതിവർഷം എത്ര നെല്ലുൽപാദിപ്പിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നെല്ലിന്റെ ഉല്പാദനമേഖലയിൽ സംസ്ഥാനം ദേശീയതലത്തിൽ എത്രാം സ്ഥാനത്താണ്;

(ഡി) ഈ രണ്ട് കാലയളവിൽ കൃഷിവകുപ്പ് പുതിയ നെൽവിത്തുകൾ വിതരണം ചെയ്തിട്ടുണ്ടോ;

(ഇ) കരഭൂമിയിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly